# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3056      23.03.2015-ൽ മറുപടിയ്ക്ക്

### മലയാള ഭാഷ വികസനവുമായി ബന്ധപ്പെട്ട പരിപാടികൾ

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

മറുപടി

ശ്രീ. കെ.സി.ജോസഫ്

(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം ശ്രേഷ്ഠഭാഷാ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഭാഷാ വികസനത്തിനായി നാളിതുവരെ എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട് എന്ന വിവരം വിശദമാക്കുമോ; | (എ) | ശ്രേഷ്ഠ ഭാഷാ ദിനാഘോഷത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ കീഴിലെ ഓരോ സ്ഥാപനങ്ങളിലും വളരെ വിപുലമായി ആഘോഷ പരിപാടികൾ സംഘടിപ്പിക്കുക യുണ്ടായി. സാംസ്കാരികകാര്യവകുപ്പും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും, ഔദ്യോഗികഭാഷാ വകുപ്പും സി.ഡാക്കും സംയുക്തമായി ശ്രേഷ്ഠ ഭാഷാദിന ആഘോഷപരിപാടികൾ സംഘടിപ്പി ക്കുകയും 2013 നവംബർ ഒന്നാം തീയതി വി.ജെ.റ്റി. ഹാളിൽ ബഹു. മുഖ്യമന്ത്രി ഉത്ഘാടനം നിർവഹി ക്കുകയും ചെയ്തു.മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതുമായി ബന്ധപ്പെട്ട് സാംസ്കാരികവകുപ്പും മറ്റ് വിവിധ സ്ഥാപനങ്ങളും ധാരാളം തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുക യുണ്ടായി. പ്രസ്തുത പദ്ധതികളുടെയും അവ നടപ്പാക്കു ന്നതിന് സ്വീകരിക്കുന്ന നടപടിക ളുടെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | അനുബന്ധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ഏതെല്ലാ മിനത്തിൽ ചെലവിട്ടിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

മലയാളം ശ്രേഷ്ഠഭാഷാ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ശ്രേഷ്ഠഗ്രന്ഥാവലി സ്കീം ആരംഭിച്ചു. ഐ.സി.ചാക്കോയുടെ പാണിനീയ പ്രദ്യോതം, ഉണ്ണുനീലി സന്ദേശം, ലീലാതിലകം, കെ.സി.കേശവപിള്ളയുടെ സംഹിത കൃതികൾ എന്നിവ ഉൾപ്പെടെ 60-ൽ പ്പരം ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു. ഈ സ്കീമിൽ 100 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച ശേഷം ഇവ ഡിജിറ്റലൈസ് ചെയ്യാനും ലക്ഷ്യമുണ്ട്. ശ്രേഷ്ഠഭാഷ-ശാസ്ത്രഭാഷ എന്ന ഗ്രന്ഥപരമ്പരയിൽ 109 വൈജ്ഞാനികഗ്രന്ഥങ്ങൾ തയ്യാറാക്കി ഒരേ വേദിയിൽ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ അബ്ദുൽകലാം 2014 നവംബർ 14-ന് പ്രകാശനം ചെയ്തു. മലയാള ഭാഷയെ കംപ്യൂട്ടിങ്ങിന് സജ്ജമാക്കുവാൻ ലാംഗ്വേജ് കംപ്യൂട്ടിങ് പരിപാടി നടന്നു വരുന്നു.

മലയാളത്തിൽ ഇപ്പോൾ ലഭ്യമല്ലാത്ത 100 ക്ലാസിക് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി 58 ഗ്രന്ഥങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചു. ശേഷിക്കുന്ന പുസ്തകങ്ങളുടെ പ്രസിദ്ധീകരണ നടപടി സ്വീകരിച്ചുവരുന്നു. 'എന്റെ കേരളം' പദ്ധതിയിൽ കേരളത്തിന്റെ പാരമ്പര്യ വിജ്ഞാനത്തെ അടിസ്ഥാനമാക്കി ആയുർവേദം, വാസ്തുവിദ്യ, ജ്യോതിഷം, കളരി തുടങ്ങിയ 30 വിഷയങ്ങളിൽ 30 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. ലാംഗ്വേജ് കംപ്യൂട്ടിങ്ങിന് സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകാൻ പ്രത്യേകവിഭാഗം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിക്കഴിഞ്ഞു.മലയാളം വെബ്സൈറ്റ് രൂപീകരിക്കാനും ഭാഷാമാറ്റ പുരോഗതി വിലയിരുത്താൻ ചോദ്യാവലി തയ്യാറാക്കാനും തീരുമാനിച്ചു. സാംസ്കാരികവകുപ്പിൽ ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും പരാതികൾക്കുമുള്ള മറുപടി മലയാളത്തിൽ നൽകി വരുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ കുട്ടികൾക്കും പുസ്തകം എന്ന ലക്ഷ്യത്തോടുകൂടി നടത്തിയ 'അക്ഷര യാത്രയുടെ' രണ്ടാംഘട്ടം 2014 ജനുവരി 20 മുതൽ ഫെബ്രുവരി 8 വരെ ആലപ്പുഴ ജില്ലയിൽ വച്ച് നടത്തുന്നതിനും മറ്റു ജില്ലകളിൽ അക്ഷരയാത്ര സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. മലയാളത്തിലെ മൺ മറഞ്ഞ കഥാകാരൻമാരെക്കുറിച്ച് 12 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വാസ്തുവിദ്യാഗുരുകുലം വാസ്തുവിദ്യ എന്ന ശാസ്ത്രശാഖയുമായി ബന്ധപ്പെട്ട് സംസ്കൃതം ഉൾപ്പെടെ മറ്റ് ഭാഷകളിലുള്ള പുസ്തകങ്ങൾ മൊഴിമാറ്റം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചു.

സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ച സർവവി ജ്ഞാനകോശം 3, 4,5,6,7,9,10 വാല്യങ്ങളുടേയും സർവവിജ്ഞാനകോശം 11-ാം വാല്യത്തിന്റെയും ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇത് പൂർത്തിയാകുന്നതോടെ മലയാളത്തിലുള്ള ഈ ബൃഹത് ഗ്രന്ഥാവലിയുടെ ഉള്ളടക്കം മുഴുവൻ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതിന് ശേഷം കേരള ഫോക് ലോർ അക്കാദമി ' സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിച്ചുകൊണ്ട് മലയാള ഭാഷയുടെ ഔന്നത്യത്തിന് വേണ്ടി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മലയാള ഭാഷയിലെ നാട്ടു സംസ്കൃതികളെ തനിമ ചോർന്നു പോകാതെ പുന:ക്രമീകരിക്കുന്നതിനും മലയാള ഭാഷയിൽ നാടൻ പാട്ടുശാഖയെ പരിപോഷിപ്പിക്കുന്നതിനും മലയാള ഭാഷയിലെ നാടോടി നാടകങ്ങളെ പുനരാവിഷ്കരിക്കുന്നതിനും വിപുലമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രേഷ്ഠഭാഷാ ദിനാഘോഷത്തിന്റെ ഭാഗമായി വൈലോപ്പിള്ളി സംസ്കൃതി ഭവൻ മലയാളത്തിന്റെ പൂർവ്വ സൂരികളായ കവികല ഗുരുക്കൻമാർക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് കാവ്യപൂജ എന്ന പരിപാടി വൈലോപ്പിള്ളി സംസ്കൃതിഭവനിൽ സംഘടിപ്പിച്ചു.

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിൽ ശ്രേഷ്ഠഭാഷാ ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ പ്രഭാഷണങ്ങളിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും സെന്ററിലെ ഫയൽ സംവിധാനം മലയാളത്തിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കേരള സാഹിത്യ അക്കാഡമിയിൽ മലയാളത്തിലെ ആധികാരിക ഗവേഷണത്തിനു പ്രയോജനപ്പെടുന്ന ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ രൂപത്തിലുള്ള 1001 എണ്ണം ഇന്റർനെറ്റിലൂടെ ലഭ്യമാക്കി. പകർപ്പവകാശ മുക്തമായ വൈജ്ഞാനികഗ്രന്ഥങ്ങൾ പൂർണ്ണമായി ലഭ്യമാക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. യുവ തലമുറയെ മലയാള സാഹിത്യ ലോകവുമായി അടുപ്പിക്കുവാൻ വയനാട്ടിൽ വച്ച് കവിതാ ക്യാമ്പ് സംഘടിപ്പിച്ചു. തൊടുപുഴ വച്ച് കഥാ ക്യാമ്പും കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ ഭാഷാ സാഹിത്യ പരിപാടികളും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലയാള ഭാഷയിലെ സാഹിത്യത്തിന്റെ സമഗ്രമായ സാഹിത്യ ചരിത്രം തയ്യാറാക്കുന്ന ഒരു പദ്ധതി രൂപ കല്പന ചെയ്യുന്നതിനും മലയാള സാഹിത്യകാരൻമാരുടെ സമ്പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സാഹിത്യകാര ഡയറക്ടറി പ്രസിദ്ധീകരിക്കാനും തീരുമാനിച്ചു. മലയാള ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ രൂപത്തിലുള്ള 3.70 ലക്ഷം പേജുകൾ ഇന്റർനെറ്റിലൂടെ ലഭ്യമാക്കി ഒരു കഥാക്യാമ്പും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമി തൃശ്ശൂരിലും, കേരള സംഗീതനാടകഅക്കാദമിയുമായി സഹകരിച്ച് കോട്ടയത്തും ശ്രേഷ്ഠഭാഷ ദിനാഘോഷം നടത്തിയിട്ടുണ്ട്. തൃശ്ശൂരിൽ സംഘടിപ്പിച്ച പരിപാടിയിൽ 1,001/- ഇ-ബുക്കുകളുടെ പ്രകാശനം ഡോ. സിർപ്പി ബാലസുബ്രഹ്മണ്യം നിർവ്വഹിച്ചു. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും കേരള സമൂഹത്തിനും സർഗ്ഗാത്മകസംഭാവനകൾ നൽകിയ മുതിർന്ന എഴുത്തുകാരും സാംസ്കാരികപ്രവർത്തകരുമായ 19 പേരെ ആദരിച്ചു. ഇതിനു പുറമെ 'മലയാളഭാഷയും സാഹിത്യവും നേടേണ്ട ലക്ഷ്യങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് സെമിനാർ, കേരളത്തിലെ ഭാഷാ ഭേദങ്ങളെക്കുറിച്ചുള്ള അവതരണം, 'കാവ്യം സുഗേയം' എന്ന പേരിൽ കാവ്യ സംഗീതിക, വടക്കൻ പാട്ടുകൾ തുടങ്ങിയവയും പ്രൗഢമായ സദസ്സിൽ വച്ച് നടന്നു.

പുരാവസ്തുവകുപ്പിന്റെ എല്ലാ കാര്യാലയങ്ങളിലും ബാനർ പ്രദർശിപ്പിക്കുകയും ഇംഗ്ലീഷ് പദങ്ങൾക്കുസമാനമായ മലയാള പദങ്ങൾ എഴുതി പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള 163 സംരക്ഷിത സ്മാരകങ്ങളിൽ മലയാളത്തിലും വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി ഈ വർഷവും തുടരുന്നതാണ്. വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളേയും സ്മാരകങ്ങളെയും സംബന്ധിച്ചുള്ള ലഘുലേഖകൾ മലയാളത്തിലും പ്രസിദ്ധീകരിക്കുവാൻ തിരുമാനിച്ചു. മ്യൂസിയങ്ങളിലെ പ്രദർശന വസ്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങളും പര്യവേഷണത്തിന്റെയും ഉത്ഖനനത്തിന്റെയും റിപ്പോർട്ടുകളും സംരക്ഷിത സ്മാരകങ്ങളിലെ വിവരങ്ങളും മലയാളത്തിൽ ആക്കുന്നതിനുള്ള നടപടി തുടർന്നു വരുന്നു. മലയാള ഭാഷാ പണ്ഡിതരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനും വകുപ്പിനെ സംബന്ധിച്ചുള്ള ഇംഗ്ലീഷ് പദങ്ങൾ മലയാളത്തിലാക്കി ഒരു വർഷം പ്രദർശിപ്പിക്കുന്നതിനും നിലവിലുള്ള ഗ്രന്ഥ ശേഖരത്തിൽ ഭാഷയ്ക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള പുസ്തകങ്ങൾകൂടി വാങ്ങുന്നതിനും തീരുമാനിച്ചു.

കലാമണ്ഡലം ഭരണഭാഷയായി പരമാവധി മലയാളം മാത്രം ഉപയോഗിക്കുവാനും ബോർഡുകളും നോട്ടീസുകളും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനും സാഹിത്യോത്സവം നടത്തുന്നതിനും തീരുമാനിക്കുകയുണ്ടായി.

മാപ്പിള കലാ അക്കാഡമി കഴിഞ്ഞ നാന്നൂറ് വർഷത്തിനിടയ്ക്ക് രചിച്ച ലിപി അറബിയും ഭാഷ മലയാളവുമായ അറബി-മലയാളലിപി യിൽ പ്രസിദ്ധീകരിച്ച ക്ലാസിക്ക് ഗദ്യ ഗ്രന്ഥങ്ങളും പദ്യ .ഗ്രന്ഥങ്ങളും മലയാള ഭാഷയിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുന്ന പദ്ധതി 90% പൂർത്തിയായി വരുന്നു.

മലയാളം ശ്രേഷ്ഠഭാഷയായി പ്രഖ്യാപിച്ചതുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ

സാംസ്കാരിക കാര്യ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന മലയാളം മിഷൻ നവംബർ ഒന്നു മുതൽ ഏഴു വരെ ശ്രേഷ്ഠഭാഷാ വാരമായി ആചരിക്കുകയുണ്ടായി. പ്രവാസി മലയാളി കുട്ടികൾ നവംബർ ഒന്ന് ശ്രേഷ്ഠഭാഷാ ദിനമായി ആഘോഷിക്കുന്നതിന് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നവംബർ ഒന്നിന് ശ്രേഷ്ഠഭാഷാ പ്രതിജ്ഞയും എടുത്തിരുന്നു. മലയാളം മിഷൻ ആസ്ഥാനത്ത് ശ്രേഷ്ഠഭാഷാ പ്രതിജ്ഞ ഡയറക്ടർ ചൊല്ലിക്കൊടുക്കുകയും ജീവനക്കാർ ഏറ്റു ചൊല്ലുകയും ചെയ്തിരുന്നു.